"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -ശ്രീ.കെ.കെ.സജീഷ് **ASI** യുടെ കൊച്ചി സിറ്റി ഹിൽ പാലസ് പോലീസ് സ്റ്റേഷന് കീഴിലുള്ള ക്വാർട്ടർ നം. **E-6** ലെ **14.06.2023** തീയതി മുതൽ **22.08.2023** വരെയുള്ള അനധികൃത താമസം സാധൂകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി)വകുപ്പ്**

സ.ഉ.(സാധാ) നം.**2612/2024/HOME** തീയതി,തിരുവനന്തപുരം, **06-09-2024**

---

പരാമർശം:- 1. ശ്രീ.കെ.കെ.സജീഷ് **ASI** യുടെ **06.04.2024** - ലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ **12.07.2024**-ലെ **H14-68871/2024/PHQ** നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.കെ.കെ.സജീഷ്, **ASI** , കൊച്ചി സിറ്റി ഹിൽ പാലസ് പോലീസ് സ്റ്റേഷന് കീഴിലുള്ള ക്വാർട്ടർ നം **E6**- ൽ താമസിച്ച് വരികെ, ടിയാന് **14.06.2023** -ന് കൊച്ചി സിറ്റിയിൽ നിന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. എന്നാൽ ടിയാൻ ക്വാർട്ടേഴ്സിൽ തുടർതാമസം അനുവദിക്കുന്നതിന് **22.08.2023**-ൽ മാത്രമാണ് അപേക്ഷ സമർപ്പിച്ചതെന്നും ആയത് പ്രകാരം താമസം ദീർഘിപ്പിച്ച് നൽകുന്നതിന് ടിയാന് **22.08.2023** മുതൽ മാത്രമാണ് അനുമതി ലഭിച്ചതെന്നും ആയതിനാൽ **14.06.2023** മുതൽ **22.08.2023** വരെയുള്ള ക്വാർട്ടേഴ്സിലെ അനധികൃത താമസത്തിന് **31,857/-** രൂപ പിഴ വാടക കണക്കാക്കുകയും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തുവെന്നും തുടർന്ന് ടിയാൻ പരാമർശം (1) പ്രകാരം പിഴ വാടക ഒഴിവാക്കി നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചുവെന്നും കാണിച്ച് പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കി.

2. ശ്രീ.കെ.കെ.സജീഷ് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ, ട്രാൻസ്ഫർ ആകുമ്പോൾ ക്വാർട്ടേഴ്സിലെ താമസം ദീർഘിപ്പിച്ച് നൽകുന്നതിന് പ്രത്യേകം അപേക്ഷിക്കണമെന്ന് അറിയില്ലായിരുന്നവെന്നും പ്രസ്തുത വിവരം ടിയാനെ അറിയിച്ച ഉടൻ തന്നെ ആയതിനായി അപേക്ഷ സമർപ്പിച്ചുവെന്നും ടിയാന്റെ ശമ്പളത്തിൽ **2023**

ജൂൺ,ജൂലൈ,ആഗസ്റ്റ് എന്നീ മാസങ്ങളിൽ ടിയാന് **HRA** അനുവദിച്ചിട്ടില്ലെന്നും വീട്ടിൽ ടിയാന് മാത്രമേ വരുമാനം ഉള്ളൂവെന്നും ഹൗസിങ് ലോൺ എടുത്താണ് വീട് പണിയുന്നതെന്നും ആയതിനാൽ അറിവില്ലാതെ ചെയ്തതിന് മാപ്പ് നൽകി പിഴവാടകയിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

**3.** മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.കെ.കെ.സജീഷ്, **ASI,** പരാമർശം **1** പ്രകാരം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ, കൊച്ചി സിറ്റി ഹിൽ പാലസ് പോലീസ് ക്വാർട്ടേഴ്സ് നമ്പർ **E6**-ലെ ടിയാന്റെ **14.06.2023** തീയതി മുതൽ **22.08.2023** വരെയുള്ള കാലയളവിലെ അനധികൃത താമസം സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RASMI A R**

അണ്ടർ സെക്രട്ടറി

1. 1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം,
2.കമ്മീഷണർ ഓഫ് പോലീസ്, കൊച്ചി സിറ്റി,
3. ശ്രീ.കെ.കെ.സജീഷ്( കമ്മീഷണർ ഓഫ് പോലീസ്, കൊച്ചി സിറ്റി മുഖേന)
4..കരുതൽ ഫയൽ ( **HOME-D3/113/2024**)

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 06-09-2024 11:38:43

സെക്ഷൻ ഓഫീസർ

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
2.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്,